# കരുണ ദൈവീകതയുടെ നിഴലിടൽ

റവ. ഡോ. തോമസ് പാറയ്ക്കൽ

**ശ്ലീഹാക്കാലം നാലാം ഞായർ,ലൂക്കാ 6:27–36**

**പൂ**ർണ്ണതയുടെ ദർശനത്തിലെത്തിക്കുന്ന അടിസ്ഥാനചിന്തകളുടെ പ്രയോഗക്ഷമതയുടെ അവതരണമാണ് സുവിശേഷഭാഗം. തിന്മ-നന്മ, സ്നേഹം, നീതി, കാരുണ്യം എന്നീ പടികളിലൂടെ പുണ്യപൂർണ്ണതയുടെ പാരമ്യത്തിലെത്തുന്നതിന്റെ വിചാരം ശ്രദ്ധേയമാണ്. നിയമത്തിൽനിന്നു കൃപയിലേക്കുള്ള കുതിപ്പാണ് സുവിശേഷസന്ദേശത്തിന്റെ മൗലികത. 'എന്റെ വാക്കു ശ്രവിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു' (6,27) എന്നാണാരംഭം. ശ്രോതാക്കൾക്കും ശ്രവണത്തിനും ജീവിതത്തിൽ പകർത്തലിനും ഊന്നൽ നൽകുമ്പോൾ ഈശോ കേൾവിയെക്കുറിച്ചു ധ്വനിപ്രധാനമായ വാക്കുകൾ പറയുന്നുണ്ട്. 'കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ' അർത്ഥസാന്ദ്രമായ മറ്റൊരു പ്രയോഗമാണ്. കൂടുതൽ ശ്രദ്ധ താഴെ പറയുന്നതിലേക്ക് ആവശ്യപ്പെടുകയാണ്. പറയുന്ന കാര്യങ്ങൾ മനുഷ്യസങ്കല്പത്തിനപ്പുറത്തുള്ള യാഥാർത്ഥ്യങ്ങൾക്കു പ്രാധാന്യം നല്കുന്നതുമാണ്. യഹൂദജനതയുടെ, സ്നേഹജീവിതനിയമങ്ങൾക്കപ്പുറത്താണ് ഈശോ പറയുന്ന കാരുണ്യത്തിന്റെ നിയമം. നീതിയുടെയും പ്രതികാരത്തിന്റെയും സ്നേഹത്തിന്റെയും നിയമങ്ങൾ അതിലംഘിച്ച് ദൈവകരുണയിലെത്തണം പരിപൂർണ്ണത ഇച്ഛിക്കുന്നവൻ. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (6,36). കാരുണ്യത്തിന്റെ നിയമങ്ങളിൽ നാലെണ്ണം എടുത്തുകാട്ടി കൊണ്ടാണ് ഈശോ ഇപ്രകാരം പറയുന്നത്. ശത്രുവിനെ സ്നേഹിക്കുക, തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയില്ലാതെ കൊടുക്കുക, വായ്പക്കാരനിൽനിന്ന് ഒഴിയാതിരിക്കുക, നന്മ ചെയ്യുക എന്നീ നിയമങ്ങൾ പൂർത്തീകരിക്കുന്നതുവഴി അത്യുന്നതന്റെ പുത്രരായിത്തീരുന്നു. ദുഷ്ടരോടും നന്ദിഹീനരോടും കരുണ കാണിക്കുന്ന സ്വർഗ്ഗീയപിതാവിന്റെ നിലയിലേക്ക് ഉയരുന്നു. കാരുണ്യപ്രവൃത്തികളിൽ ആത്മീയമായവയുടെ അന്തർധാരയായി നില്ക്കുന്നത് കരുണ കാട്ടുന്നവൻ ദൈവികതയിലേക്ക് ഉയരുന്നു എന്നതാണ്. ദൈവവചനം ആരുടെമേൽ ഇറങ്ങിയോ അവർ ദൈവങ്ങളായി എന്ന ഈശോയുടെ മൊഴികൾ ഇതിനോടു ചേരണം. ദുഷ്ടരോടും നന്ദിഹീനരോടും കരുണ കാണിക്കുന്ന തലത്തിലേക്കു വളരുന്നത് ദൈവസാദ്ധ്യതയാണ്.

ദൈവത്തിലേക്ക് ഉയരാനുള്ള വഴിയാണ്. അതുതന്നെയാണ് ക്രിസ്തീയത ഉപദേശിക്കുന്ന പരിപൂർണ്ണതയും.

നമ്മിലെ സ്നേഹത്തിന്റെയും കരുണയുടെയും നന്മയുടെയും പ്രവാഹമാണ് കാരുണ്യപ്രവൃത്തികൾ. വ്യക്തിയിലെ നന്മയിൽ ഉറവെടുത്ത് അപരനിലേക്ക് ഒഴുകുന്നു കരുണ. ജീവിതദൈന്യത്തിൽ സഹതപിക്കാനും കരുണയാകാനും കഴിയുംവിധം നന്മയും കൃപയും ദയയും നമ്മിൽ തുടിച്ച് എഴുന്നുനില്ക്കുന്നതാണ് കാരുണ്യപ്രവൃത്തികൾ. മനുഷ്യജീവിതത്തിന്റെ ആത്മീയതലങ്ങളിൽ-പഠിപ്പിക്കുക, ഉപദേശിക്കുക, സ്വാന്തനപ്പെടുത്തുക, മനഃപൂർവ്വമുള്ള ദ്രോഹങ്ങൾ ക്ഷമിക്കുക, മറ്റുള്ളവർക്കായി പ്രാർത്ഥിക്കുക-എന്നിങ്ങനെ സ്വയം ഉറയ്ക്കാനും അപരരെ ഉറപ്പിക്കാനും ശക്തമാണ് ആത്മീയകാരുണ്യകർമ്മങ്ങൾ. ക്രിസ്തീയജീവിതപൂർണ്ണതയുടെ പ്രായോഗികതയാണ് ആത്മീയപരസ്നേഹപ്രവൃത്തികൾ. ജീവിതത്തിന്റെ ബാഹ്യതലങ്ങളെക്കാൾ അകത്തളങ്ങളെ തൊടാനും ഉണർത്താനും ശ്രമിക്കുന്ന യഥാർത്ഥ ശിഷ്യന്റെ വ്യക്തിത്വഘടനയാണ് ആത്മീയകാരുണ്യപ്രവൃത്തികൾ. ക്രിസ്തീയതയിലും ആത്മീയതയിലുമുള്ള വ്യക്തിത്വവളർച്ചയുടെ ബാഹ്യപ്രകടനമാണത്. ക്രിസ്തുവിലായിരിക്കുന്ന പുതിയ സൃഷ്ടിയുടെ അടയാളങ്ങളാണവ. മുന്നോട്ട് എന്ന ചലനാത്മകത മുൻകുതിപ്പുകൾക്കു പ്രാപ്തരാക്കും. വ്യക്തികളുടെ പരിശുദ്ധാത്മദാനങ്ങളായി ഘോഷിക്കപ്പെടുന്ന ജ്ഞാനം, ബുദ്ധി, അറിവ്, ആലോചന, വിവേകം, ദൈവഭക്തി, ദൈവഭയം ഇത്യാദികളിലുള്ള വേരുറയ്ക്കലിന്റെ ഫലമാണിവ.

ജീവിതത്തിനും വ്യാപാരങ്ങൾക്കും പുതിയ ലക്ഷ്യവും ദിശാബോധവും നല്കുന്നവയാണു പരിശുദ്ധാത്മവരങ്ങളും ദാനങ്ങളും. ആത്മജ്ഞാനങ്ങൾ നവമായ അറിവുകളുടെയും തിരിച്ചറിവുകളുടെയും ഉടമയാകുമ്പോൾ സ്നേഹത്തിന്റെ ചതുർവിധ നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുണ്ടാകും. ശത്രുവിനെ സ്നേഹിക്കുക, ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുക, ശപിക്കുന്നവരെ അനുഗ്രഹിക്കുക, അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക (6:27-28). ഇവയെല്ലാം ആത്മീയകാരുണ്യകർമ്മങ്ങൾതന്നെ. ഇത്തരം കർമ്മങ്ങൾ ജീവിതത്തിൽ പ്രാബല്യമാർജ്ജിക്കുവാൻ ആത്മാവിന്റെ പ്രവർത്തനം വ്യക്തിയിൽ അതിശക്തമാക്കണം. വി. അപ്രേം പറയുന്നു: കൃപ നീതിയെ കടത്തിവെട്ടിയ കാലമാണിത്. അടിക്ക് തിരിച്ചടിക്കുന്നവൻ കുറവുള്ളവനാണ്. വിജ്ഞാനി മനസ്സിന്റെ ചലനങ്ങൾ മനസ്സിലാക്കി പൂർണ്ണവളർച്ചയിലെത്തുന്നു. പൂർണ്ണതയിലേക്കുള്ള കുതിപ്പിൽ അസഹ്യങ്ങളെല്ലാം സഹനീയമാകുന്നു; സഹനീയമാക്കുന്നു. സ്നേഹം പ്രായോഗികതലത്തിലെത്തുമ്പോൾ പ്രതികാരത്തിന്റെയും പകവീട്ടലിന്റെയും നിയമം-കണ്ണിനു കണ്ണ്-അപ്രസക്തമാകും. ഒരു ചെകിട്ടത്തടിച്ചാൽ മറുചെകിട് കാട്ടുക, മേലങ്കി എടുക്കുന്നവന് കുപ്പായംകൂടി നല്കുക, ചോദിക്കുന്നവനു കൊടുക്കുക-കുത്തിക്കൊന്ന് നികുതിപിരിവുകാരന്, വസ്തുക്കൾ എടുത്തുകൊണ്ടുപോകുന്നവനോടു തിരികെ ചോദിക്കാതിരിക്കുക (6:29-30). ഇതെല്ലാം സ്നേഹത്തിന്റെ പ്രായോഗികതയാണ്; കാരുണ്യത്തിന്റെ

കരകവിയലാണ്. ദയ ഓളം സൃഷ്ടിക്കുന്നതിന്റെ പ്രതിഫലനമാണ്. ഇതു സാധിക്കണമെങ്കിൽ നിയമത്തിനു കീഴിലായിരുന്നവൻ കൃപയ്ക്കു കീഴിലാകണം. കൃപയുടെ പൂർത്തീകരണത്തിനു മാത്രമേ ഔദാര്യപൂർവ്വം ക്ഷമിക്കാനാവൂ. നീതിയുടെയും പ്രതികാരത്തിന്റെയും നിയമങ്ങളെ അതിലംഘിക്കുന്നതാണ് കൃപയുടെ പ്രവാഹം. കൃപ മനുഷ്യനെ ദൈവികരാക്കുന്നു. ദൈവത്തിനുമാത്രമാകുന്നത് ചെയ്യാനും പറയാനും പ്രാപ്തരാക്കുന്നു. അടിമുടി ദൈവപിടിയിലായതിനാൽ ദൈവികമായതിൽ താഴെ ചിന്തിക്കാനോ പ്രവർത്തിക്കാനോ ആവാത്ത അവസ്ഥയിലെത്തുന്നു. ചെയ്യുന്നതിലെല്ലാം ദൈവികത നിഴലിടുന്ന ദുഷ്ടരോടും നന്ദിഹീനരോടും ദയയുടെ നിറവിൽ പ്രതികരിക്കുന്നു. അതാണു ദൈവികഭാവം. നീതി, സ്നേഹം ഇവയ്ക്കുപരിയാണ് കാരുണ്യം. ദയയുടെ അടിത്തറ ദൈവമാണ്; ദൈവികതയാണ്. ദൈവികത തലോടിനില്ക്കുന്നതാണ് കൃപയിലായിരിക്കുന്ന സ്ഥിതി. നാം കൃപയ്ക്കു കീഴിലായിരിക്കണം.



# ആകുലതയകറ്റാൻ ഒരു എളുപ്പവഴി

റവ .ഡോ. ജോഷി മയ്യാറ്റിൽ

**ഒ**രു കാക്ക ഒരു ഇറച്ചിക്കഷണവും കൊത്തിയെടുത്തുപറക്കുന്നു. മറ്റു കാക്കകൾ പാഞ്ഞെത്തി അതു കൊത്തിപ്പറിക്കാൻ തത്രപ്പെടുന്നു. വല്ലാത്ത ബഹളവും കലപിലയും. ഒടുവിൽ ആ കാക്ക ഇറച്ചിക്കഷണം കൊക്കിൽ നിന്നു താഴേക്കിട്ടു. എല്ലാ കാക്കകളും കൂടി ആ ഇറച്ചിക്കഷണത്തിനു പിന്നാലെ പാഞ്ഞു. ആദ്യത്തെ കാക്ക പറഞ്ഞു: ഇവിടെ മുകളിൽ ഇപ്പോൾ എന്തൊരുസമാധാനം!

"സ്വാതന്ത്ര്യത്തിന്റെ മോഹാലസ്യമാണ് ആകുലത" എന്നു കുറിച്ചത് സോറൻ കിർക്ക്ഗോർ ആണ്. ഇന്നത്തെ സുവിശേഷഭാഗത്തിന്റെ രത്നച്ചുരുക്കമാണിത് എന്നു പറയുന്നതിൽ തെറ്റില്ല. ആകുലതയ്ക്കുള്ള മറുമരുന്ന് യഥാർത്ഥ സ്വാതന്ത്ര്യം തന്നെ. ഭോഷനായ ധനികന്റെ ഉപമയ്ക്കുശേഷം വരുന്ന ഭാഗമാണ് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് നാം ഈ ഞായറാഴ്ച വായിച്ചു കേൾക്കുന്നത്. ധനികന്റെ അനാവശ്യ ആകുലതകൾക്കു മൊറട്ടോറിയം പ്രഖ്യാപിക്കപ്പെടുന്നു ഇവിടെ. ഒപ്പം, ദരിദ്രന്റെ ഇല്ലായ്മകളിൽ വിശ്വാസത്തിന്റെ ഉള്ളായ്മകൾ അനുഭവിക്കാനുള്ള ക്ഷണവും ഈ സുവിശേഷഭാഗം

വച്ചുനീട്ടുന്നുണ്ട്. ആശ്രയമാണ് സ്വാതന്ത്ര്യം; ആശ്രയമാണ് സമ്പത്ത്; ആശ്രയമാണ് സ്വച്ഛത. മനുഷ്യന്റെ അടിസ്ഥാനപരമായ രണ്ട് ആകുലതകൾ ഭക്ഷണം, വസ്ത്രം എന്നിവയെ സംബന്ധിച്ചാണ്. ലൂക്കാ 12:24-26 ഭക്ഷണ സംബന്ധിയായ ഉത്കണ്ഠയെക്കുറിച്ചും ലൂക്കാ 12:27-28 വസ്ത്ര സംബന്ധിയായ ഉത്കണ്ഠയെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. ഇത്തരം ആകുലതകളുടെ അർത്ഥശൂന്യത വ്യക്തമാക്കുന്ന മൂന്നു വാദഗതികൾ സുവിശേഷത്തിൽ കാണാം: (1) ജീവൻ ഭക്ഷണത്തിനും ശരീരം വസ്ത്രത്തിനും ഉപരിയാണ് (്.23); (2) കാക്കകളും ലില്ലികളും ദൈവത്താൽ പരിപാലിക്കപ്പെടുന്നു. എങ്കിൽ, മനുഷ്യനെ ദൈവം പരിപാലിക്കാതിരിക്കുമോ? (്.24.27-28); (3) ആകുലരാകുന്നതുകൊണ്ട് മനുഷ്യന് എന്തു ഗുണം? (്.25-26) ദൈവം തന്റെ പിതാവാണെന്ന ഒരുവന്റെ ബോധ്യവും ദൈവരാജ്യം തന്റെ ഏക ശ്രദ്ധാവിഷയമാണെന്ന അവന്റെ അവബോധവുമാണ് ആകുലതയിൽ നിന്നു പുറത്തു കടക്കുവാൻ ഒരുവനെ സഹായിക്കുന്നത്.

ദൈവം പിതാവായുള്ളവന് എന്തു ഭയപ്പെടാൻ? ദൈവപുത്രത്വബോധ്യമാണ് സമഗ്ര സ്വാതന്ത്ര്യം നല്കുന്നത്. യഥാർത്ഥത്തിൽ, പിതാവിന്റെ സമൃദ്ധിയിൽ അഭിമാനം കൊള്ളുന്ന ദൈവമക്കളെ പരാജയ ഭീതിയോ ആകുല ചിന്തകളോ മറ്റു നിഷേധാത്മക ചിന്തകളോ പിടികൂടുകയില്ല. കാരണം, അവരുടെ വിശ്വാസം അവരെ സ്വതന്ത്രരാക്കിയിരിക്കുന്നു. ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കുന്നവർ ആകാശപ്പറവകളെയും വയലിലെ ലില്ലികളെയുംപോലെയാണ്.എല്ലാം അവരുടേതാണ്!

'അല്പ വിശ്വാസികളേ' എന്ന അഭിസംബോധന ഈ പശ്ചാത്തലത്തിൽ ഏറെ ഗൗരവമുള്ളതാണ്. അല്പവിശ്വാസം അവിശ്വാസത്തിന്റെ അയൽപക്കമാണ്! വി. ലൂക്കായുടെ സുവിശേഷത്തിൽ ഇവിടെ മാത്രമാണ് ഈ പ്രയോഗം കാണുന്നത്. വി. മത്തായിയുടെ സുവിശേഷത്തിൽ 6:30; 8:26; 14:31; 16:8 എന്നിവിടങ്ങളിലും ഇതുണ്ട്. ദൈവത്തിന്റെ കരുതലിലും പരിപാലനയിലും കൂടുതൽ വിശ്വസിക്കാനും ആശ്രയിക്കാനുമുള്ള ക്ഷണമാണത് - ദൈവത്തെ ഉത്തരവാദിത്വമുള്ള പിതാവായി കാണാനുള്ള ക്ഷണം. ദൈവരാജ്യം ഒരുവന്റെ മുഖ്യ ശ്രദ്ധാവിഷയമാകുമ്പോൾ മറ്റ് ആകുലതകൾക്കു സ്ഥാനമില്ലാതാകും. ദൈവരാജ്യത്തെക്കുറിച്ച് ഈ സുവിശേഷഭാഗത്ത് രണ്ടു കാഴ്ചപ്പാടുകൾ ഉണ്ട്: ഒരു വശത്ത്, ദൈവരാജ്യത്തിനായി ശിഷ്യന്മാർ അധ്വാനിക്കണം (V.31). ഇത് കല്പനാരൂപത്തിലാണ് കൊടുത്തിരിക്കുന്നത്. മറു വശത്ത്, അവർക്കു രാജ്യം നല്കാൻ ദൈവം പ്രസാദിച്ചിരിക്കുന്നു എന്ന ഉറപ്പ് അവർക്കുണ്ട് (V.32).ഇത് ഒരു വാഗ്ദാനമാണ്. ഉത്കണ്ഠയ്ക്കുള്ള സിദ്ധൗഷധ പ്രഖ്യാപനമാണ് 33-34 വാക്യങ്ങൾ. അപരരുടെ ആവശ്യങ്ങളിൽ സഹായിക്കാനെത്തുക എന്നതാണത്. ഭോഷനായ ധനികന്റെ ഉപമയിലെ പരാമർശങ്ങളോട് അതിനു നേരിട്ടു ബന്ധമുണ്ട്. സ്വകാര്യതാത്പര്യങ്ങൾ ആകുലതകൾ

വർധിപ്പിക്കുന്നു. പരോപകാര തത്പരത ആനന്ദം നിറയ്ക്കുന്നു. കാരണം, അതു ദൈവരാജ്യസംസ്ഥാപനവുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വന്തം 'സാമ്രാജ്യ'ത്തെ വിട്ടുകൊടുക്കാതെ ആർക്കും ദൈവരാജ്യത്തിനായി അധ്വാനിക്കാനാവില്ല. അതിനാലാണ് സമ്പത്തു വിറ്റ് ദരിദ്രർക്കു കൊടുക്കാൻ ഈശോ ആവശ്യപ്പെടുന്നത്. മടിശ്ശീല എടുക്കരുതെന്ന യേശുവിന്റെ മുൻ നിർദ്ദേശവും (9:3; 10:4) ഇതിനോടു ബന്ധപ്പെട്ടതാണ്. ക്ഷണികതയുടെ മടിശ്ശീലകൾക്കു പകരം പഴകിപ്പോകാത്ത പണസഞ്ചികൾ നിർദ്ദേശിക്കുകയാണ് അവിടന്ന്. ക്ഷയിക്കുന്ന നിക്ഷേപങ്ങൾക്കു പകരം ഒടുങ്ങാത്ത നിക്ഷേപം അവിടന്നു കാണിച്ചു തരുന്നു. ഒരു കള്ളനും അതു മോഷ്ടിക്കാനാവില്ല; ഒരു കീടത്തിനും അതു നശിപ്പിക്കാനാവില്ല (മത്താ 6:20; 1 പത്രോ 1:4). ഹൃദയം സ്വർഗത്തിൽ നിക്ഷേപിക്കാനുള്ള പാഠം ഈ ഞായറാഴ്ച നമുക്കു ലഭിക്കുന്നു.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# സുവർണ്ണനിയമം

റവ. ഡോ .ജോർജ് ദാനവേലിൽ

ഭർത്തൃപീഡനം അസഹ്യമായപ്പോൾ ശാരിരീകവും മാനസികവുമായ മുറിവുകളും വേദനകളുമായി ഭാര്യ വീടുവിട്ടു പിതൃഭവനത്തിൽ അഭയംതേടി. തങ്ങളുടെ സഹോദരിയുടെ ദുസ്ഥിതി മനസ്സിലാക്കിയ സഹോദരന്മാർ, ഭാര്യാപീഡനത്തിനു സഹോദരീഭർത്താവിനെതിരേ കോടതിൽ കേസുകൊടുത്തു. അവർ സഹോദരിയെ കോടതിയിൽ ഹാജരാക്കി. സാക്ഷിക്കൂട്ടിൽ ഭാര്യയും പ്രതിക്കൂട്ടിൽ ഭർത്താവും. സാക്ഷിക്കൂട്ടിൽ നിന്ന് അവൾ തന്റെ ഭർത്താവിന്റെ മുഖത്തേക്ക് ഒന്നു നോക്കി. യാതൊരു ഭാവവ്യത്യാസവും കൂടാതെ എന്തും നേരിടാൻ തക്ക മുഖഭാവവുമായി നില്ക്കുന്ന ഭർത്താവ്. എങ്കിലും അവളുടെ മനസ്സിൽ ഒരു വേദന. ഭർത്താവിനെതിരെ താൻ നൽകുന്ന സാക്ഷിമൊഴി അദ്ദേഹത്തെ ജയിലിൽ അടയ്ക്കുന്നതിനുപോലും കാരണമായേക്കാം. ന്യായധിപൻ അവളോടു ചോദിച്ചു; "പ്രതിക്കൂട്ടിൽ നില്ക്കുന്ന നിങ്ങളുടെ ഭർത്താവിന്റെ പീഡനം മൂലമല്ലേ നിങ്ങൾ വീടുവിട്ട് ഓടിപ്പോയത്?". അവൾ ഒരു നിമിഷം ചിന്തിച്ചു: തന്റെ എതിർസാക്ഷ്യം ഭർത്താവിനു ഹാനികരമാകും. ന്യായാധിപനെ നോക്കി അവൾ പറഞ്ഞു: "സ്വന്തം ഇഷ്ടപ്രകാരമാണ് ഞാൻ വീട്ടിൽ നിന്നു പോയത്. അല്ലാതെ ഭർത്തൃപീഡനം മൂലമല്ല". ഈ വാക്കുകൾ കേട്ടപ്പോൾത്തന്നെ സഹോദരൻമാർ കോപത്തോടെ കോടതിയിൽ നിന്ന് ഇറങ്ങിപ്പോയി, കോടതിപിരിഞ്ഞു. പക്ഷേ സാക്ഷിക്കൂട്ടിൽനിന്ന് ഇറങ്ങിയ ഭാര്യയെ സ്വീകരിച്ചു തെറ്റിനു മാപ്പു

ചോദിക്കാൻ, പ്രതിക്കൂട്ടിൽനിന്നിറങ്ങിയ ഭർത്താവ്, കാത്തു നില്ക്കുകയായിരുന്നു. ഭാര്യയുമൊത്താണ് അയാൾ അന്നു കോടതിയിൽ നിന്നു മടങ്ങിയത്. ഒരു ന്യായാധിപന്റെ ഔദ്യോഗിക ജീവിതാനുഭവങ്ങൾ പങ്കു വയ്ക്കുന്ന ലേഖനപരമ്പരയിൽ വിവരിച്ച ഒരു സംഭവമാണിത്.

യഹൂദസമൂഹത്തിൽ നിലവിലിരുന്ന നിയമമനുസരിച്ച് ശത്രുവിനെ സ്നേഹിക്കാൻ ഒരുവനു ബാദ്ധ്യതയില്ലായിരുന്നു.'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്'', എന്ന തത്ത്വ ശാസ്ത്രം നിലവിലിരുന്ന യഹൂദസമൂഹത്തിൽ തുല്യഅളവിൽ ശത്രുവിനോടു പ്രതികാരം ചെയ്യാൻ പോലും അനുവാദം ഉണ്ടായിരുന്നു. 'നിന്റെ ശത്രുവിനെ ദ്വേഷിക്കുക' എന്നൊരു ചൊല്ലുതന്നെ അവരുടെയിടയിലുണ്ടായിരുന്നു. ഈ മനോഭാവം ശക്തമായിരുന്ന ഒരു സമൂഹത്തിലേക്കാണ് 'ശത്രുവിനെ സ്നേഹിക്കുക' എന്ന സന്ദേശവുമായി ഈശോ കടന്നു വരിക. ഇന്നത്തെ സുവിശേഷത്തിൽ തന്നെ അനുഗമിച്ചവരോട് ഈശോ പറയുകയാണ്, ''ശത്രുക്കളെ സ്നേഹിക്കുവിൻ, ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾക്കു വലിയ പ്രതിഫലം ലഭിക്കും, നിങ്ങൾ അത്യുന്നതന്റെ പുത്രന്മാരെന്നു വിളിക്കപ്പെടുകയും ചെയ്യും''.

'ശത്രുക്കളെ സ്നേഹിക്കുവിൻ', 'തിന്മയെ നന്മകൊണ്ടു ജയിക്കുവിൻ' എന്നു പഠിപ്പിച്ച നാഥൻ തന്നെയാണ് ഈ പുതിയ പ്രബോധനത്തിന്റെ ഏറ്റവും പൂർണ്ണമായ സാക്ഷ്യവും. അതാണ് കുരിശിൽ കിടന്നുകൊണ്ട് അവിടുന്ന് പ്രാർത്ഥിച്ചത്, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല ഇവരോടു ക്ഷമിക്കണമേ. നമുക്കു ശത്രുവായിതോന്നുന്നതു ഭർത്താവാകാം, ഭാര്യയാകാം, മക്കളോമാതാപിതാക്കളോആകാം, മിത്രങ്ങളായിരുന്നവരോ, അയൽക്കാരോ, അധികാരികളോ ആകാം. വിരോധികളെയും വിയോജിക്കുന്നവരെയും ശിക്ഷിക്കാനും നശിപ്പിക്കാനും വെമ്പൽ കൊള്ളുന്ന ലോകത്തിൽ ഇവരോടു ക്ഷമിക്കണമേ എന്ന നാഥന്റെ വാക്യം ഏറ്റു ചൊല്ലാൻ നമുക്കും സാധിക്കണം.

സുഭാഷിതത്തിൽ നാം വായിക്കുന്നു: ''ശത്രുവിന്റെ പതനത്തിൽ ആഹ്ലാദിക്കരുത്, അവൻ തട്ടി വീഴുമ്പോൾ സന്തോഷിക്കയുമരുത്. സന്തോഷിച്ചാൽ കർത്താവിന് നിന്നോട് അപ്രീതി തോന്നും, നിന്റെ ശത്രുവിൽ നിന്ന് തന്റെ കോപം അവിടന്ന് അകറ്റിക്കളയുകയും ചെയ്യും'' (സുഭാ.24/17-18). പൗലോസ്ശ്ലീഹാ തന്റെ ലേഖനത്തിലൂടെ പഠിപ്പിക്കുക, ''നിന്റെ ശത്രുവിന് വിശക്കുന്നുവെങ്കിൽ ഭക്ഷണം കൊടുക്കുക, ദാഹിക്കുന്നുവെങ്കിൽ കുടിക്കുവാൻ കൊടുക്കുക, അങ്ങനെ നീ അവന്റെ ശിരസ്സിൽ തീക്കനൽ കൂട്ടും'' (റോമ. 12/20).

“മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പ്രവർത്തിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതു പോലെ നിങ്ങൾ അവരോടു പ്രവർത്തിക്കുവിൻ” എന്ന ഈശോയുടെ പ്രബോധനം (ലൂക്കാ. 6/31) സുവർണ്ണനിയമം എന്ന പേരിലാണ് അറിയപ്പെടുക. ഈ നിയമം ഓരോ വ്യക്തിയും പാലിക്കുന്നപക്ഷം ഇന്നു കുടുബതലത്തിൽ നടക്കുന്ന തൊഴുത്തിൽകുത്തുമുതൽ ലോകതലത്തിൽ നടക്കുന്ന മഹായുദ്ധങ്ങൾ വരെയുള്ള എല്ലാ മാത്സര്യങ്ങളും, ഉരസലുകളും ഒഴിവാകും. കത്തി-കഠാരകളും വെടിക്കോപ്പുകളും യുദ്ധസന്നാഹങ്ങളും വേണ്ടിവരികയില്ല. കൊലപാതകങ്ങളും മോഷണങ്ങളും ഉണ്ടാവുകയില്ല. തന്നെത്താൻ സ്നേഹിക്കുന്നതുപോലെ ഓരോ വ്യക്തിയും മറ്റുള്ളവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായാൽ ഈ ലോകത്തിൽത്തന്നെ സ്വർഗ്ഗം രൂപം കൊള്ളും.

നാമൊക്കെ വളരെയെറെ കണക്കുകൂട്ടലുകളുടെ ലോകത്താണ് ഇന്ന് ജീവിക്കുക. എന്തുചെയ്താലും അതിലൂടെ തനിക്ക് എന്തു നേട്ടമുണ്ടാക്കാം എന്നു ചിന്തിക്കുന്നവരുടെ ലോകം. ഇവിടെയാണ് ക്രൈസ്തവധാർമ്മികതയുടെ സവിശേഷത കാണേണ്ടത്. ക്രൈസ്തവധാർമ്മികത കുറെയേറെ അരുതുകളുടെയും വിലക്കുകളുടെയും ധാർമ്മികതയല്ല. അത് എപ്പോഴും ക്രിയാത്മകതയ്ക്കാണ് ഊന്നൽ നല്കുക. കണക്കുകൂട്ടലുകളില്ലാതെ അപരന്റെ നന്മയ്ക്ക് ഉതകുന്ന വിധത്തിൽ പ്രവർത്തിക്കാൻ ഒരുവനെ എപ്പോഴും ക്രൈസ്തവധാർമ്മികത നിർബന്ധിക്കുന്നു.

നമ്മെ നോക്കി മറ്റുള്ളവർ പുഞ്ചിരിക്കണമെന്നാഗ്രഹിക്കുന്ന നമുക്ക് ആദ്യം അവരെ നോക്കി പുഞ്ചിരിക്കാം. മറ്റുള്ളവർ നമ്മെ അംഗീകരിക്കണം എന്നാഗ്രഹിക്കുന്ന നമുക്ക് ആദ്യം അവരെ അംഗീകരിക്കാൻ ശ്രമിക്കാം. കൊടുക്കാതെ കിട്ടണമെന്നും വിതയ്ക്കാതെ കൊയ്യണമെന്നും ശാഠ്യം പിടിക്കാത്തവരാകാം.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ശത്രുവിനെ സ്നേഹിക്കുക

റവ. ഡോ. സൈറസ് വേലംപറമ്പിൽ

ലോകത്തിൽ സ്നേഹത്തിന്റെ പല മുഖങ്ങൾ, തരങ്ങൾ കാണാൻ സാധിക്കും. സ്നേഹിതർ തമ്മിലുള്ള സ്നേഹം, മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹം, ഭാര്യാഭർത്താക്കന്മാർ തമ്മി

ലുള്ള സ്നേഹം... ഇതിലെല്ലാം നമ്മെ സ്നേഹിക്കുന്നവരെയാണ് നാം സ്നേഹിക്കുന്നത്. ഇതിൽനിന്നും വ്യത്യസ്തമായൊരു ഉപദേശമാണ് ഈശോ ഇന്നത്തെ സുവിശേഷത്തിലൂടെ നൽകുന്നത്- 'ശത്രുക്കളെ സ്നേഹിക്കുക.' ഒരു മനുഷ്യന് പല തരത്തിലുള്ള ശത്രുക്കളുണ്ടാകാം. ദ്രോഹിക്കുന്ന അയൽവാസി, വഞ്ചകൻ, നുണയന്മാർ, പീഡിപ്പിക്കുന്നവർ, കള്ളന്മാർ, കൊലപാതകികൾ തുടങ്ങിയവരുടെ പട്ടിക നീളുന്നു. ഈശോയുടെ കല്പന നമ്മൾ ഒരിക്കലും ഇഷ്ടപ്പെടാൻ ആഗ്രഹിക്കാത്ത ഇക്കൂട്ടരെയും സ്നേഹിക്കണമെന്നാണ്.

'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്' എന്ന പഴയനിയമകല്പന ഈശോ തിരുത്തിയെഴുതുകയാണ്. ശത്രുവിനെ ഇല്ലായ്മ ചെയ്യുന്നതല്ല മറിച്ച്, സ്വന്തമാക്കുന്നതാണ് ഈശോയുടെ നയം. സ്വാഭാവികമായ മാനുഷികനിലപാടുകളെ ദൈവികമായ നിലപാടുകളാൽ കീഴ്പ്പെടുത്തുന്നതാണ് ക്രിസ്തുമാർഗ്ഗം. ക്രിസ്ത്യാനികളുടേത് പ്രതികാരത്തിന്റെ മനോഭാവമായിരിക്കരുത്; ക്ഷമയുടെയും സ്നേഹത്തിന്റെയും ശീലങ്ങളിൽ അടിയുറച്ചതായിരിക്കണം. ക്രിസ്തീയജീവിതശൈലി.

ശത്രുവിനെ നാം ഇഷ്ടപ്പെടാറില്ലെന്നതാണു സാധാരണ ഉണ്ടാകുന്ന പ്രതികരണമെങ്കിലും അവനിൽ ദൈവത്തിന്റെ നന്മയുണ്ടാകാൻ സ്നേഹത്തോടെ ശത്രുവിനോട് ഇടപെടുവാനാണ് ഈശോ ആവശ്യപ്പെടുന്നത്. പിതൃസഹജമായ മനോഭാവമുള്ളവർക്ക് ഇതുവരെ എളുപ്പമാണ്.

'മറ്റുള്ളവർ നിങ്ങൾക്കു ചെയ്തുതരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ' എന്നതാണല്ലോ ഈശോ നമുക്കു നല്കിയിരിക്കുന്ന സുവർണ്ണനിയമം. മറ്റുള്ളവർ ചെയ്തുതരണമെന്നു നാമാഗ്രഹിക്കുന്നതുപോലെ, ശത്രുവിനു നന്മ ചെയ്യാൻ ലഭിക്കുന്ന എല്ലാ അവസരങ്ങളും ഉപയോഗിക്കുക. പൗലോസ് ശ്ലീഹാ എഴുതുന്ന വചനം ചിന്തനീയമാണ്: ''നിന്റെ ശത്രുവിനു വിശക്കുന്നെങ്കിൽ ഭക്ഷിക്കാനും, ദാഹിക്കുന്നെങ്കിൽ കുടിക്കാനും കൊടുക്കുക. ഇതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനലുകൾ കൂനകൂട്ടും'' (റോമ. 12:20). ഇപ്രകാരം, നന്മ ചെയ്യുവാനുള്ള അയാളുടെയും നമ്മുടെയും മനസ്സു മാറും, മാനസാന്തരമുണ്ടാകും. എനിക്കെതിരേ തിന്മ പ്രവർത്തിക്കുന്ന ശത്രുവിന്റെ പാപങ്ങൾ ക്ഷമിക്കണമെന്ന് ദൈവത്തോടു പ്രാർത്ഥിക്കുകയും പീഡിപ്പിക്കുകയും പരിഹസിക്കുകയും ചെയ്തവർക്കുവേണ്ടി കുരിശിൽകിടന്നുകൊണ്ട് 'പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല' എന്നു പ്രാർത്ഥിക്കുന്ന മാതൃകയാണ് ഈശോ നൽകുന്നത്. സഭയിലെ ആദ്യ രക്തസാക്ഷിയായ സ്തേഫാനോസും തന്നെ കല്ലെറിഞ്ഞുകൊണ്ടിരുന്നവർക്കുവേണ്ടി മരണസമയത്ത് അപേക്ഷിച്ചു: ''കർത്താവേ, ഈ പാപം അവരുടെമേൽ ആരോപിക്കരുതേ''

പ്രസിദ്ധ എഴുത്തുകാരനായ വിക്ടർ ഹ്യൂഗോയുടെ നോവലാണ് 'ലെ മിസറാബിള്' (പാവങ്ങൾ). ജയിൽചാടി വന്ന ഒരു മനുഷ്യന് അഭയം നൽകിയ റോമൻ കാത്തലിക് ബിഷപ്പിനു ലഭിച്ച പ്രതിസമ്മാനം, അദ്ദേഹത്തിന്റെ വെള്ളിത്തിരിക്കാലുകൾ അയാൾ മോഷ്ടിച്ചുകൊണ്ടുപോയി എന്നതായിരുന്നു. പോലീസിൽ വീണ്ടും പിടിക്കപ്പെട്ട് മോഷ്ടാവിനെ തിരിച്ചറിയാനും കളവുമുതൽ

തിരികെ അവകാശപ്പെടാനുമായി ഹാജരാക്കിയപ്പോൾ ബിഷപ് പറഞ്ഞത്, അത് ആ അതിഥിക്കുള്ള തന്റെ സമ്മാനമാണെന്നായിരുന്നു. ഇതേത്തുടർന്ന് തടവുകാരൻ മോചിതനാക്കപ്പെട്ടു. ക്രിസ്തു പറഞ്ഞത് ചെയ്ത ബിഷപ്പിലൂടെ ദൈവത്തിന്റെ സ്നേഹവും കരുണയും അയാൾ അനുഭവിച്ചറിഞ്ഞപ്പോൾ അത് അയാളുടെ ജീവിതത്തെ മാറ്റി മറിച്ചുവെന്നത് കഥയുടെ മറ്റൊരു വഴിത്തിരിവായി.

തന്റെ നേരെ, നിറയൊഴിച്ച അഗ്കായെ ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപാപ്പാ ജയിലിൽ ചെന്നുകാണുകയും തന്റെ ക്ഷമ അയാളെ അറിയിക്കുകയും ചെയ്തത് ദൈവസ്നേഹത്താൽ പ്രചോദിതനായാണ്. വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെടാൻ യോഗ്യനായ ഈ മാർപാപ്പാ തന്നെയാണ്, ക്രിസ്ത്യാനികൾ ലോകത്തോടു ചെയ്ത എല്ലാ തെറ്റുകൾക്കും പരസ്യമായി മാപ്പപേക്ഷിച്ചത്.

'ശത്രുവിനെ സ്നേഹിക്കുക' എന്ന ഈശോയുടെ കല്പനയെ സ്വജീവിതത്തിൽ പകർത്തിയ ധാരാളം പുണ്യാത്മാക്കളുടെ അനുഭവങ്ങളാൽ സമ്പന്നമാണ് സഭ. വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും സമാധാനത്തിനും പുരോഗതിക്കുമായി ഈശോയുടെ ഈ ഉപദേശത്തെ സന്ന്യാസജീവിതത്തിലേക്ക് സ്വീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പ്രത്യേകിച്ച്, പരസ്പര സ്പർദ്ധയും ഭീകരതയും തീവ്രവാദവുമെല്ലാം അരങ്ങു തകർക്കുന്ന ഇക്കാലഘ